ഗോപാലകൃഷ്ണൻ നായരെ മർദ്ദിച്ചതായുള്ള പരാതി

782. ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഫെബ്രുവരി 25-ാം തീയതി രാത്രി, കോന്നി മാരൂർ പാലത്തിനു സമീപം താമസിക്കുന്ന ഗോപാലകൃഷ്ണൻ നായരെ, കോന്നി പോലീസ് അയാളുടെ വീട്ടുമുറ്റത്തു കയറി ഓടിച്ചു പിടികൂടി ഭീകരമായി മർദ്ദിച്ച് അവശനാക്കിയ സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കോടതി ഉത്തരവുപ്രകാരം, കോഴഞ്ചേരി ജില്ലാ ആശുപത്രിയിലേക്ക് ചികിൽസയ്ക്ക് അയയ്ക്കപ്പെട്ട ഗോപാലകൃഷ്ണനെ ഒരു പോലീസുകാരൻ ആശുപത്രിസെല്ലിൽ കയറി വീണ്ടും ഭീകരമായി മർദ്ദിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പോലീസുകാരന്റെ പേരിൽ കേസെടുത്തിട്ടുണ്ടോ ;

(ഡി) ഇയാളുടെ മേൽ എന്തെങ്കിലും ശിക്ഷണ നടപടി കൈക്കൊള്ളുകയുണ്ടായോ ; എങ്കിൽ എന്തു നടപടി എന്നു വ്യക്തമാക്കുമോ ;

(ഇ) ഗോപാലകൃഷ്ണനെ മർദ്ദിച്ച സംഭവത്തെപ്പറ്റി അന്വേഷണം നടത്തി കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേൽ കർശനമായ നടപടികൾ കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) 25-2-1986 രാത്രിയിൽ ശ്രീ. ഗോപാലകൃഷ്ണൻനായർ റോഡിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കവെ അയാളെ പിടിക്കുവാൻ ശ്രമിച്ച പോലീസ് കോൺസ്റ്റബിയെ ഗോപിനാഥനെ ആക്രമിച്ചതിന് അയാൾക്ക് എതിരെ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(ബി) ഒരു പരാതിലഭിച്ചതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഈ ആരോപണം അടിസ്ഥാനരഹിതമാണെന്ന് അറിവായിട്ടുണ്ട്.

(സി, ഡി, & ഇ) ചോദ്യം ഉദിക്കുന്നില്ല.

വെള്ളറട പോലീസ് സ്റ്റേഷനതിർത്തിയിൽ കാണപ്പെട്ട മൃതദേഹം

783. ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഫെബ്രുവരി 26-ാം തീയതി വെള്ളറട പോലീസ് സ്റ്റേഷനിൽ നിന്നും ഏതാണ്ട് ഒരു കിലോമീറ്റർ അകലെ ഒരു സ്ത്രീയെ കൊല ചെയ്ത നിലയിൽ കാണപ്പെട്ട സംഭവത്തോടനുബന്ധിച്ച് കേസ് ഇപ്പോൾ ആരുടെ അന്വേഷണത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസ്, മുൻ പഞ്ചായത്ത് പ്രസിഡന്റ് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാവശ്യപ്പെട്ടു നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly